# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 329 27.09.2016 ലെ മറുപടിയ്ക്ക്

## തൃക്കരിപ്പൂർ ട്രഷറി

**ചോദ്യം**

ശ്രീ.എം. രാജഗോപാലൻ

**ഉത്തരം**

ഡോ. റ്റി.എം. തോമസ് ഐസക്

ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | 1996-2001 ൽ കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ അനുവദിച്ച വൺ മാൻ ട്രഷറി നിർത്തലാക്കിയ മുൻസർക്കാർ നടപടി പുന.പരിശോധിക്കുമോ; | മുൻപ് പെൻഷൻ വിതരണം ക്യാഷ് ആയി നൽകികൊണ്ടിരുന്ന കാലത്ത് വിതരണം സുഗമമായി നടത്തുന്നതിലേക്കാണ് വൺ മാൻ ട്രഷറികൾ പ്രവർത്തിച്ചിരുന്നത്. ട്രഷറികളിൽ ആധുനികവൽക്കരണം നടപ്പിലാക്കിയപ്പോൾ പെൻഷൻകാർ ട്രഷറികളിൽ വരാതെ തന്നെ പെൻഷൻ അവരുടെ അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന രീതി നിലവിൽ വന്നു. ആ അവസരത്തിൽ വൺ മാൻ ട്രഷറികൾ പ്രവർത്തിക്കേണ്ട ആവശ്യമില്ല എന്നു കണ്ടെത്തിയതിനാലാണ് വൺ മാൻ ട്രഷറികൾ നിർത്തലാക്കിയത്. ആയതിനാൽ തൃക്കരിപ്പൂരിൽ പ്രവർത്തിച്ചിരുന്ന വൺ മാൻ ട്രഷറി നിർത്തലാക്കിയ നടപടി പുന.പരിശോധിക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല. |
| (ബി) | തൃക്കരിപ്പൂരിൽ സബ്ബ് ട്രഷറി അനുവദിക്കാൻ ആവശ്യമായ നടപടികൾ എപ്പോൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ? | ട്രഷറി വകുപ്പിൽ ആധുനികവല്ക്കരണത്തിന്റെയും കമ്പ്യൂട്ടർവല്ക്കരണത്തിന്റെയും ഭാഗമായി കോർബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്ടിവിറ്റി, ഗ്രാസ് മുതലായ പല പുതിയ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറികളിലെ ജോലിഭാരം വളരെയധികം കുറയുന്നതിനും, ഇടപാടുകൾ സുഗമമാകുന്നതിനും, എവിടെ നിന്നും എപ്പോൾ വേണമെങ്കിലും ഇടപാടുകൾ നടത്തുന്നതിനും സാധ്യമാകുന്നതാണ്. അതിനാൽ ഇത്തരം പദ്ധതികൾ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം ആവശ്യമെന്നു കണ്ടാൽ മാത്രമേ പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കേണ്ടതുള്ളൂ. |

സെക്ഷൻ ഓഫീസർ